പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 236 — 26-09-2011 -ൽ മറുപടിക്ക്.

## മദ്യാസക്തിക്കെതിരെയുള്ള പ്രചാരണ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>" എ. റ്റി. ജോർജ് :<br>" അൻവർ സാദത്ത് :<br>" വി. പി. സജീന്ദ്രൻ : | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി, അംഗീകൃത മദ്യത്തിന്റെ ഉപയോഗം വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗത്തിൽ വർദ്ധനവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ മദ്യവും, മയക്കുമരുന്നും, പാൻമസാലയും വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ മദ്യവും, മയക്കുമരുന്നും, പാൻമസാലയും വില്പന നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വിൽപ്പന ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മദ്യാസക്തിക്കെതിരെയുള്ള പ്രചാരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | മദ്യത്തിനും, മയക്കുമരുന്നിനുമെതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, പ്രധാന കവലകളിലും കമ്മ്യൂണിറ്റി സെന്ററുകളിലും, മാർക്കറ്റുകളിലും, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, സി.ഡി. പ്രദർശനങ്ങൾ, സ്ലൈഡ്ഷോ, മാജിക് ഷോ എന്നിവ നടത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച് സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. |
| (ഡി) | കൂടുതലായി ഡീഅഡിക്ഷൻ സെന്ററുകൾ ആരംഭിച്ച് മദ്യത്തിനടിമകളായവരെ രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ, ജില്ലാ ആശുപത്രികളിൽ, ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ